ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 16-12-2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ കർണാടക, തമിഴ്നാട്, തെലങ്കാന സന്ദർശനത്തിന് ഇന്ന് തുടക്കം.

   **President Droupadi Murmu will embark on a seven day visit to Karnataka, Tamil Nadu and Telangana today**

2. ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി ജോർദാനിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ജോർദാൻ രാജാവുമായി പ്രതിനിധിതല ചർച്ച നടത്തി. ജോർദാൻ - ഇന്ത്യ ബിസിനസ് ഫോറത്തിൽ പ്രധാനമന്ത്രി ഇന്ന് പങ്കെടുക്കും.

   **Prime Minister Narendra Modi, who arrived in Jordan as part of a tri-nation visit, held delegation-level talks with the King of Jordan. The Prime Minister will participate in the Jordan-India Business Forum today.**

3. ആഗോളതലത്തിൽ അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി ഇന്ത്യ മാറുകയാണെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ.

   **Finance Minister Nirmala Sitharaman says that India is becoming a fast-growing economy in the global arena.**

4. കേരളത്തിൽ മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ. തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ ഈ മാസം 21-ന്.

   **State Election Commissioner A Shahjahan said that the model code of conduct has been withdrawn in Kerala. The**

**oath-taking ceremony of members elected to local bodies will be held on the 21st of this month.**

5. 1971 ലെ യുദ്ധത്തിൽ പാകിസ്ഥാനെതിരായ ഇന്ത്യയുടെ വിജയത്തിന്റെ ഓർമ്മയിൽ രാജ്യം ഇന്ന് വിജയ് ദിവസ് ആഘോഷിക്കുന്നു.

   **The nation is celebrating Vijay Diwas today to commemorate India's victory over Pakistan in 1971 war.**

6. 68-ാമത് ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ മനുഭാക്കറിനും, സിമ്രാൻപ്രീത് കൗറിനും സുവർണ്ണ നേട്ടം.

   **In Sports, Manu Bhaker and Simranpreet Kaur Brar clinch gold medals at National Shooting Championship in New Delhi.**

**&&&&&&&&&&&&&&&&**

## PREZ-VISIT

രാഷ്ട്രപതി ദ്രൗപദി മുർമുവിന്റെ ഒരാഴ്ച നീളുന്ന കർണാടക, തമിഴ്നാട്, തെലങ്കാന സന്ദർശനത്തിന് ഇന്ന് തുടക്കം. കർണാടകയിൽ, ആദി ജഗദ്ഗുരു ശ്രീ ശിവരാത്രേശ്വര ശിവയോഗി മഹാസ്വാമിജിയുടെ 1066-ാമത് ജയന്തി ആഘോഷങ്ങൾ ഇന്ന് രാഷ്ട്രപതി ഉദ്ഘാടനം` ചെയ്യും. നാളെ തമിഴ്നാട് വെല്ലൂർ സുവർണ ക്ഷേത്രം സന്ദർശിക്കുന്ന രാഷ്ട്രപതി പിന്നീട് ശൈത്യകാല വാസത്തിനായി സെക്കന്ദരാബാദിലെ രാഷ്ട്രപതി നിലയത്തിലെത്തും. വെള്ളിയാഴ്ച, ഹൈദരാബാദിൽ തെലങ്കാന PSC അധ്യക്ഷന്മാർക്കായി നടക്കുന്ന ദേശീയ സമ്മേളനം രാഷ്ട്രപതി ഉദ്ഘാടനം ചെയ്യും. ശനിയാഴ്ച ഹൈദരാബാദിൽ ബ്രഹ്മകുമാരീസ് ശാന്തി സരോവർ 21-ാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്ന സമ്മേളനത്തെയും രാഷ്ട്രപതി ദ്രൗപദി മുർമു അഭിസംബോധന ചെയ്യും.

************************

## PM- JORDAN VISIT (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി ജോർദാൻ രാജാവ് അബ്ദുള്ള രണ്ടാമൻ ഇബ്നു അൽ ഹുസൈനുമായി ഇന്നലെ അമാനിൽ പ്രതിനിധിതല ചർച്ച നടത്തി. ഇരു രാജ്യങ്ങളും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന വേളയിൽ പങ്കാളിത്തം ശക്തിപ്പെടുത്തുന്നത് ലക്ഷ്യമിട്ടായിരുന്നു ചർച്ച. ഭീകരത, തീവ്രവാദം, എന്നിവയ്ക്കെതിരായ ജോർദാന്റെ ശക്തമായ നിലപാടിനെ പ്രധാനമന്ത്രി മോദി പ്രശംസിച്ചു. ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി വ്യാപാരം അടുത്ത 5 വർഷത്തിൽ 5 ബില്യൺ ഡോളറിലെത്തുമെന്ന് പ്രതീക്ഷിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.

(ഹോൾഡ് വോയിസ്)

ജോർദാൻ - ഇന്ത്യ ബിസിനസ് ഫോറത്തിൽ പ്രധാനമന്ത്രി മോദി ഇന്ന് പങ്കെടുക്കും.
************************

## PM ETHIOPIA (INTRO)

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ രണ്ടാം പാദത്തിൽ, പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വൈകുന്നേരം എത്യോപ്യയുടെ തലസ്ഥാനമായ അഡിസ് അബാബയിൽ എത്തും.

**വിശദാംശങ്ങൾ....**

*(വോയിസ്)*

*ഗ്ലോബൽ സൗത്ത് പങ്കാളികൾ എന്ന നിലയിൽ, പ്രധാനമന്ത്രിയുടെ എത്യോപ്യൻ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം മെച്ചപ്പെടുത്തും. രണ്ട് ദിവസത്തെ സന്ദർശനത്തിൽ നൊബേൽ സമ്മാന ജേതാവായ എത്യോപ്യൻ പ്രധാനമന്ത്രി അബി അഹമ്മദ് അലിയുമായ ശ്രീ.മോദി ഉഭയകക്ഷി ചർച്ച നടത്തും. ശ്രീ.മോദിയുടെ ആദ്യ എത്യോപ്യൻ സന്ദർശനമാണിത്. പ്രാദേശിക, അന്തർദേശീയ വിഷയങ്ങൾ, ഇന്ത്യയിൽ നിന്നുള്ള നിക്ഷേപങ്ങൾ, കൃഷി, ഖനനം, ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഉൾപ്പെടെയുള്ളവ ഇരു നേതാക്കളും അവലോകനം ചെയ്യും. എത്യോപ്യൻ*

*പാർലമെന്റിന്റെ സംയുക്ത സമ്മേളനത്തെയും പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും.*

***ന്യൂസ് ഡെസ്ക് ആകാശവാണി....***

സന്ദർശനത്തിന്റെ മൂന്നാം പാദത്തിൽ പ്രധാനമന്ത്രി ഒമാനിലെത്തും.

************************

## LS-SITHARAMAN-ECONOMY

8.2 ശതമാനം വളർച്ചാ നിരക്കോടെ രാജ്യം, അതിവേഗം വളരുന്ന സമ്പദ്‌വ്യവസ്ഥയായി മാറുകയാണെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ. 3.2 ശതമാനമാണ് ആഗോള വളർച്ച നിരക്ക്. ഇന്ത്യയുടെ പ്രതിരോധ ശേഷി ശക്തിപ്പെടുത്തുന്നതിൽ MSME കൾ സുപ്രധാന പങ്കു വഹിക്കുന്നതായും ധനമന്ത്രി ലോക്സഭയിൽ പറഞ്ഞു. വിദ്യാഭ്യാസത്തിനായി കൂടുതൽ ചെലവിട്ടാൽ മാത്രമേ പുതിയ ഐഐടികൾ, ഐഐഎമ്മുകൾ, എയിംസ് എന്നിവ സാധ്യമാകൂ എന്നും ധനമന്ത്രി വ്യക്തമാക്കി.

************************

## LSGE-CODE OF CONDUCT

കേരളത്തിൽ മാതൃകാ പെരുമാറ്റച്ചട്ടം പിൻവലിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ. തദ്ദേശ പൊതുതിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനെ തുടർന്ന് നവംബർ 10 മുതലായിരുന്നു മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നത്. അതേസമയം, സ്ഥാനാർത്ഥികളുടെ നിര്യാണത്തെത്തുടർന്ന് പ്രത്യേക തിരഞ്ഞെടുപ്പ് നടക്കാനുള്ള മലപ്പുറം ജില്ലയിലെ മൂത്തേടം, എറണാകുളം പാമ്പാക്കുട ഗ്രാമപഞ്ചായത്തുകളിൽ പൂർണമായും, തിരുവനന്തപുരം കോർപ്പറേഷനിലെ വിഴിഞ്ഞം വാർഡിലും പെരുമാറ്റചട്ടം നിലനിൽക്കും. തദ്ദേശ സ്ഥാപനങ്ങളിലേയ്ക്കുള്ള പൊതുതിരഞ്ഞെടുപ്പിലെ സ്ഥാനാർത്ഥികൾ ചെലവ് കണക്കുകൾ 2026 ജനുവരി 12ന് മുൻപ് ഓൺലൈനായി സമർപ്പിക്കണമെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ നിർദ്ദേശിച്ചു.

************************

## OATH - LSGDE

സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ ഈ മാസം 21-ന് സത്യപ്രതിജ്ഞ ചെയ്തു സ്ഥാനമേൽക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ അറിയിച്ചു. ജില്ലാ പഞ്ചായത്തുകളിലും കോർപറേഷനുകളിലും ജില്ലാ കളക്ടർമാരുടേയും ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും വരണാധികാരികളുടേയും മുൻപാകെ അതാതു തദ്ദേശ സ്ഥാപനങ്ങളിലെ മുതിർന്ന അംഗമാണ് ആദ്യം സത്യ പ്രതിജ്ഞ ചെയ്യുന്നത്.

************************

## CEO

കേരളത്തിൽ SIR ന്റെ ഭാഗമായി വീടു തോറുമുള്ള വിവര ശേഖരണം വ്യാഴാഴ്ച അവസാനിക്കും. വോട്ടർ പട്ടികയുടെ തീവ്രപരിഷ്കരണവുമായി ബന്ധപ്പെട്ട് ഇന്നലെ വൈകിട്ട് 6 മണിയോടെ ഡിജിറ്റൈസ് ചെയ്ത ഫോമുകളുടെ എണ്ണം 2 കോടി 78 ലക്ഷത്തി 7,680 ആയതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു കേൽക്കർ. ഇത് മൊത്തം വിതരണം ചെയ്ത ഫോമുകളുടെ 99.84% ആണ്. ഫോമുകൾ ഇനിയും മടക്കി നൽകിയിട്ടില്ലാത്തവർ എത്രയും വേഗം പൂരിപ്പിച്ച് ബിഎൽഒ മാരെ ഏല്പിക്കണമെന്നും സി.ഇ.ഒ അഭ്യർത്ഥിച്ചു.

************************

## WHO GLOBAL SUMMIT - TRADITIONAL MEDICINE

പരമ്പരാഗത വൈദ്യശാസ്ത്രത്തെക്കുറിച്ചുള്ള ലോകാരോഗ്യ സംഘടനയുടെ രണ്ടാമത്തെ ആഗോള ഉച്ചകോടിക്ക് നാളെ ന്യൂഡൽഹിയിൽ തുടക്കമാകും. ആരോഗ്യത്തിന്റെയും ക്ഷേമത്തിന്റെയും ശാസ്ത്ര- പ്രയോഗങ്ങളിലെ സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കൽ എന്ന വിഷയത്തിലാണ് ഉച്ചകോടി.

************************

## VIJAY DIWAS

1971 ലെ യുദ്ധത്തിൽ പാകിസ്ഥാനെതിരായ ഇന്ത്യയുടെ വിജയത്തിന്റെ ഓർമ്മയിൽ രാജ്യം ഇന്ന് വിജയ് ദിവസ് ആഘോഷിക്കുന്നു. 1971 ഡിസംബർ 16 നാണ് ഇന്ത്യൻ സേനയും ബംഗ്ലാദേശ് വിമോചനത്തിനായി രൂപപ്പെട്ട മുക്തി ബാഹിനിയുൾപ്പെടുന്ന സഖ്യസൈന്യത്തിനു മുന്നിൽ പാകിസ്ഥാൻ കീഴടങ്ങിയത്. ഈ യുദ്ധത്തിന്റെ പരിസമാപ്തിയിലാണ് ഈസ്റ്റ് പാകിസ്ഥാൻ ബംഗ്ലാദേശായി വിമോചനം നേടിയത്.

************************

## AIR POLLUTION- REVIEW MEETING

അന്തരീക്ഷ മലിനീകരണം പ്രതിരോധിക്കുന്നതിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന നഗരങ്ങൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്നതിന് ബന്ധപ്പെട്ട ചട്ടങ്ങൾ പരിഷ്കരിക്കണമെന്ന് കേന്ദ്ര പരിസ്ഥിതി, വനം മന്ത്രി ഭൂപേന്ദർ യാദവ്. ഗാസിയാബാദിലെയും നോയിഡയിലെയും വായു മലിനീകരണം നിയന്ത്രിക്കുന്നതിനായി ലക്ഷ്യമിട്ടുള്ള കർമ്മ പദ്ധതികളുടെ അവലോകനയോഗത്തിൽ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. ഡൽഹിയിലെ വായു മലിനീകരണം തടയുന്നതിന് പൊതുജനപ്രതിനിധികളുടെയും പൗരന്മാരുടെയും പങ്കാളിത്തം കൂടി തേടണമെന്നും കേന്ദ്ര മന്ത്രി പറഞ്ഞു.

************************

## GOLD PRICE (INTRO)

സംസ്ഥാനത്തെ സ്വർണ വിലയിൽ റിക്കോർഡ് വർധന. ഒരു പവന് ഇന്നലെ 99,280 രൂപയിലെത്തി. **കൂടുതൽ വിവരങ്ങളുമായി ആകാശവാണി ലേഖകൻ സ്മിതി എം പള്ളുരുത്തി...**

(വോയിസ്)

************************

## NATIONAL SHOOTING CHAMPIONSHIPS

68-ാമത് ദേശീയ ഷൂട്ടിംഗ് ചാമ്പ്യൻഷിപ്പിൽ മനുഭാക്കറിനും, സിമ്രാൻപ്രീത് കൗറിനും സുവർണ്ണ നേട്ടം. ന്യൂഡൽഹിയിലെ

ഡോ. കർണി സിംഗ് ഷൂട്ടിംഗ് റേഞ്ചിൽ നടന്ന സീനിയർ വനിതകളുടെ 25 മീറ്റർ സ്പോർട്സ് പിസ്റ്റൾ ഇനത്തിലാണ് ഡബിൾ ഒളിമ്പിക് മെഡൽ ജേതാവ് മനു ഭാക്കർ ഒന്നാമതെത്തിയത്. ജൂനിയർ വനിതകളുടെ 25 മീറ്റർ സ്പോർട്സ് പിസ്റ്റൾ ഇനത്തിലാണ് ഷൂട്ടിംഗ് ലോക കപ്പ് ജേതാവ് സിമ്രാൻപ്രീത് കൗർ സ്വർണ്ണം നേടിയത്.
************************

## PIYUSH GOYAL ON SOLAR
കഴിഞ്ഞ 11 വർഷത്തിനിടെ രാജ്യത്തെ സൗരോർജ്ജ ഉപഭോഗം 46 ശതമാനം വർദ്ധിച്ചതായി കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. നിലവിൽ, ഇന്ത്യ നാലാമത്തെ വലിയ കൽക്കരി ശുദ്ധീകരണ കേന്ദ്രമാണെന്നും ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് സംസാരിക്കവെ അദ്ദേഹം, പറഞ്ഞു. കഴിഞ്ഞ വർഷം ഒരു ബില്യൺ ടണ്ണിലധികം കൽക്കരി ഉൽപ്പാദനമുണ്ടായതും ഇറക്കുമതിയിൽ എട്ട് ശതമാനം കുറവുണ്ടായതും അദ്ദേഹം വ്യക്തമാക്കി.
************************

## NORKA
പ്രവാസി കമ്മീഷൻ അദാലത്ത് ഇന്നും നാളെയുമായി തിരുവനന്തപുരം തൈക്കാട് നോർക്ക സെന്ററിൽ നടക്കും. രാവിലെ 10 ന് ആരംഭിക്കുന്ന അദാലത്തിൽ പ്രവാസി കമ്മീഷൻ ചെയർപേഴ്സൺ, കമ്മീഷൻ അംഗങ്ങൾ തുടങ്ങിയവർ പങ്കെടുക്കും. പ്രവാസികളെ സംബന്ധിക്കുന്ന എതു വിഷയവും അദാലത്തിൽ ഉന്നയിക്കാവുന്നതാണ്.
************************

## IFFK
മുപ്പതാമത് കേരള രാജ്യാന്തര ചലച്ചിത്രമേളയുടെ അഞ്ചാം ദിനം 72 ചിത്രങ്ങൾ പ്രദർശനത്തിനെത്തും. ലോക ക്ലാസിക്കുകളും പുതിയ സിനിമകളും ഉൾപ്പെടുന്ന വൈവിധ്യമാർന്ന കാഴ്ചകളാണ് ഇന്നത്തെ പ്രധാന ആകർഷണം. ഇന്ത്യൻ സിനിമയിലെ ഇതിഹാസ പ്രതിഭയായ

ഋത്വിക് ഘട്ടക്കിന്റെ വിഖ്യാത ചിത്രം 'തിതാഷ് ഏക് തി നദീർ നാം' പ്രദർശിപ്പിക്കും.

*

**************

*********************************